കേരള സർക്കാർ

നം.ആർ.എ 1/24/2019-തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:31.01.2019

## പരിപത്രം

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് 2018 – ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ നിർമ്മാണാനുമതി നൽകുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന: റവന്യൂ വകുപ്പിന്റെ 18.12.2018 തീയതിയിലെ 789/പി1/18/റവന്യൂ നമ്പർ യു.ഒ. ഫയൽ.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് 2018 നിലവിൽ വന്നെങ്കിലും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് 2018-ലെ വകുപ്പ് 27 എ-യിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ നിർമ്മാണാനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത വകുപ്പിലെ ഉപവകുപ്പ് (6)-ൽ വിജ്ഞാപനം ചെയ്യപ്പെടാത്ത പരമാവധി 4.04 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 120 ച.മീറ്റർ വിസ്തൃതിയുള്ള വീട് നിർമ്മിക്കുന്നതിന് ഈ വകുപ്പ് പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ല എന്നും വീട് എന്ന അർത്ഥവ്യാപ്തിയിൽ പാർപ്പിട സമുച്ചയങ്ങളോ, ബഹുനില പാർപ്പിട സമുച്ചയങ്ങളോ ഉൾപ്പെടുന്നതല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം കെട്ടിട നിർമ്മാണാനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ വിജ്ഞാപനം ചെയ്യപ്പെടാത്ത 4.04 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 120 ച.മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനാണെങ്കിൽ (അല്ലെങ്കിൽ അതിൽ കുറവ്) പ്രസ്തുത അപേക്ഷ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നപക്ഷം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് 2018 വകുപ്പ് 27(എ)(5),(6),(7) എന്നിവയുടെ അടിസ്ഥാനത്തിൽ ഈ ആക്റ്റ് പ്രകാരമുള്ള മറ്റൊരു അനുമതിയും ആവശ്യമില്ലാതെ നിർമ്മാണാനുമതി നൽകേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നു. ഇപ്രകാരം ലൈഫ് മിഷൻ പദ്ധതി പ്രകാരം വീടു വയ്ക്കുന്നതിനായി ലഭിച്ച അപേക്ഷകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നപക്ഷം അവ മുൻഗണനാടിസ്ഥാനത്തിൽ അടിയന്തിരമായി തീർപ്പാക്കേണ്ടതാണ്.

**കെ.ഗോപാലകൃഷ്ണ ഭട്ട്**
**സെക്രട്ടറി**

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)

(തുടർച്ച......2)

2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)
3. എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
4. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
5. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
6. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)
7. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
8. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ (വൈബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനായി)
10. റവന്യൂ വകുപ്പ്
11. വെബ് & ന്യൂ മീഡിയ, ഐ &പി.ആർ.ഡി
12. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.